**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **19-06-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 1) വടക്കേപ്പറമ്പ്-പോത്തുവെട്ടിപ്പാറ-മുണ്ടക്കുളം റോഡ് പ്രവൃത്തിയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് പരിശോധനയിലാണ്.<br><br>2) വാലിപ്പാപ്പുഴ-എളമരം -ഇരട്ടമൂഴി റോഡ് നവീകരണ പ്രവൃത്തിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട് നിലവിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് പരിശോധനയിലാണ്.<br><br>3)വെട്ടുകാട്-ഒളവട്ടൂർ-മുണ്ടുമുഴി റോഡ് നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫറൂക്ക് കോളേജ് -വാഴക്കാട് റോഡ് പ്രവൃത്തി പൂർത്തിയായി വരുന്നു.<br><br>റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകളിലെ തകർന്ന സൈഡ് വാളുകളും കൾവേർട്ടുകളും നന്നാക്കി വരുന്നു.<br><br>കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡ് – പ്രസ്തുത പ്രവൃത്തിക്ക് 80.58 കോടി രൂപയുടെ സാമ്പത്തികാനുമതി നിർമാണ പ്രവൃത്തിക്കും 22.48 കോടി രൂപയുടെ സാമ്പത്തികാനുമതി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുമായി അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫേസ് 1 നിർമാണ പ്രവൃത്തികൾ ഫ്രീ സറണ്ടർ ആയി വിട്ടു കിട്ടിയ ഭൂമി വിനിയോഗിച്ച് 17 കിമീ റോഡ് നിർമാണം 05.10.2023 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡിൻറെ ഫേസ് 2 നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന 6 ജംഗ്ഷനുകളിലെ അധിക ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | നവീകരണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി അധിക ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വേ മുഖേന അതിർത്തി നിർണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ്.<br><br>2. മുണ്ടുമുഴി-വെട്ടുകാട്-പുളിക്കൽ റോഡ്<br><br>ഈ പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നൽകി. റോഡിൻറെ ഉപരിതല റെക്റ്റിഫിക്കേഷനു വേണ്ടി 25 ലക്ഷം രൂപ അനുവദിക്കുകയും ആയതു ഉപയോഗിച്ച് റെക്റ്റിഫിക്കേഷൻ പ്രവർത്തി ജൂൺ-2022 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദേശീയപാതാ വിഭാഗത്തിന് കീഴിൽ നവീകരണ പ്രവൃത്തികൾക്കായി 2 പ്രൊപ്പോസൽ NHAI-യ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ആവശ്യമുള്ള കലുങ്കുകൾ, അഴുക്കുചാലുകൾ എന്നിവ നിർമ്മിക്കുന്നതിന് എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ; | (ബി) | കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ നിലവിലുള്ളതിൽ കൂടുതലായി ആവശ്യമുള്ള കലുങ്കുകൾ , അഴുക്കുചാലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br>കെ.ആർ.എഫ്.ബി – പി.എം.യു മുഖേന നടപ്പിലാക്കിയ കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡിന്റെ ഭാഗമായുള്ള കലുങ്കുകൾ മഴവെള്ള ചാലുകൾ എന്നിവ പുനർനിർമിച്ചിട്ടുള്ളതും റോഡ് നവീകരണത്തിന്റെ ഭാഗമായി വീതി കുറവുള്ള കലുങ്കുകൾ വീതി കൂട്ടി നിർമ്മിച്ചിട്ടുമുണ്ട്. |
| (സി) | മണ്ഡലത്തിൽ നിരന്തരം വാഹന അപകടം നടക്കുന്ന പൊതുമരാമത്ത് റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സ്കൂൾ പരിസരങ്ങളിൽ School Zone Board, Speed limit Board എന്നിവ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി സംബന്ധിച്ച ആവശ്യകതയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന റോഡ് സേഫ്റ്റി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി എടവണ്ണപ്പാറ ജംഗ്ഷനിൽ എല്ലാ റോഡിലും റംബിൾ സ്ട്രിപ്പ്, സ്റ്റഡ്സ് എന്നിവ നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി – പി.എം.യു മുഖേന നടപ്പിലാക്കിയ കൊണ്ടോട്ടി എടവണ്ണപ്പാറ റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് സേഫ്റ്റി സൈൻ ബോർഡുകൾ, റോഡ് മാർക്കിങ്, സ്റ്റഡ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br><br>ദേശീയപാതാ വിഭാഗത്തിന് കീഴിൽ സീബ്രാലൈൻസ് വരക്കുന്നതിനും സൈൻബോർഡ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും വേണ്ടി, ,rectification of Blackspot at Mongam, Musiliyarangadi, Thurakkal, Kottukkaraഎന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എടവണ്ണപ്പാറ ടൗണിലുണ്ടാകുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) | എടവണ്ണപ്പാറ ടൗണിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി റമ്പിൾ സ്ട്രിപ്പ്, സ്റ്റഡ്, ജംഗ്ഷൻ എഹെഡ്, സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എടവണ്ണപ്പാറ-എളമരം റോഡിൽ ജലാലിയ ജംഗ്ഷനിൽ ദിശാസൂചകങ്ങളും അപകട മുന്നറിയിപ്പ് ബോർഡുകളും റമ്പിൾ സ്ട്രിപ്പ് സ്റ്റഡ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.<br><br>എടവണ്ണപ്പാറ ടൗണിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് കിഫ്ബി ധനസഹായത്തോടുകൂടി കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡിൻറെ ഫേസ് 2 പ്രവൃത്തിയുടെ ഭാഗമായി എടവണ്ണപ്പാറ ജംഗ്ഷനിൽ അധിക ഭൂമി ഏറ്റെടുത്ത് കൊണ്ടുള്ള നവീകരണ പദ്ധതികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിനായി എടവണ്ണപ്പാറ അങ്ങാടിയിൽ റവന്യൂ അതിർത്തി നിർണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. |
| (ഇ) | കാലവർഷം മൂലം എത്ര റോഡുകളുടെ സൈഡുകൾ തകർന്നതായും കേടുപാടുകൾ വന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത റോഡുകൾ നന്നാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | കാലവർഷത്തിൽ റോഡിന്റെ പാർശ്വഭിത്തി കേടുപാടുകൾ സംഭവിച്ച ഇടങ്ങളിൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു (അനുബന്ധം). ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No | Name of Road | Chainage | Nature of damage | Amount | Name of Work | Estimate Price ID |
|---|---|---|---|---|---|---|
| 1 | Akkode Vallyattuthazham mMundakasseri road Kondotty LAC | ch.2/100 | Land side | 19 Lakhs | Urgent construct Jon of Side Protection wall | PWD/RB/ EST 5509/2023 _5_1_1 |
| 2 | Peringav Kottupadam road Kondotty LAC | ch.0/400 | Land side | 15 Lakhs | Urgent construct ion of road protection wall | PWD/RB/ EST/9075/ 2004_ 5_1_1 |
| 3 | Faroke college Vazhakkad road Kondotty LAC | Ch.8/700 to Ch.8/770 | Land side | 40 Lakhs | Urgent construct ion of Sidewall Protection, RCC Wall Need to Design | PWD/RB/ EST / 9154/2024 5_1_1 |
| 4 | Vettukad-Olavattur-Mundumuzhi, Kondotty LAC | Ch.7/200 | Land side | 25 Lakhs | Urgent construct ion of Side Protection | Estimate under preparation |
| 5 | vettukad- Olavattur-Mundumuzhi Road Kondotty LAC | Ch.6/500 | Land side | 15 Lakhs | Urgent construct lon of Sidewall Protection | Estimate under preparation |

| | | | | | | |
|---|---|---|---|---|---|---|
| | | | | | at | |
| 6 | Vettukad Clavattur Mundumuzhi rood Kondotty LAC | Ch.4/700 | Land side | 20 Lakhs | Urgent construct Jon of Side Protection wall | Estimate under preparation |
| 7 | Akkode-Vallyattuthazxham Mundakasseri rood Kondorty LAC | ch.2/100 | Land slide | 25 Lakhs | Urgent construct ion of Side Protection wall | PWD/RB/EST/9621-2024_5_1_1 |